# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

മൂന്ന് സെന്റിൽ താഴെ മാത്രം ഭൂമിയുള്ള വ്യക്തികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1424 06.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മൂന്ന് സെന്റിൽ താഴെ മാത്രം ഭൂമിയുള്ള വ്യക്തികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഗാർഹിക/വാണിജ്യ ആവശ്യങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2011-ലെ കെട്ടിട നിർമ്മാണ ചട്ടത്തിൽ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ ചട്ടം 62, 63, 64, 65 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 60, 61, 62, 63, 64 എന്നിവ പ്രകാരം ചെറു പ്ലോട്ടുകളിലെ കെട്ടിട നിർമ്മാണത്തിന് ഇളവുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ചെറു പ്ലോട്ടുകളിലെ വാസഗൃഹ കെട്ടിടങ്ങൾക്ക് കെട്ടിട സെറ്റ് ബാക്ക്, തറ വിസ്തീർണ്ണ അനുപാതം, കവറേജ്, റോഡിന്റെ കേന്ദ്ര രേഖയിൽ നിന്നുള്ള അകലം, പ്രവേശന മാർഗ വീതി, റോഡിന്റെ വീതിയും റോഡിനോട്ട ചേർന്നുള്ള പറമ്പിന്റെയും കാര്യത്തിലുള്ള പൊക്കനിയന്ത്രണം, കാർപാർക്കിംഗ്, കെട്ടിട ഭാഗങ്ങളുടെയും വെളിച്ചത്തിന്റെയും വെന്റിലേഷന്റെയും അളവുകൾ എന്നിവയിൽ ഇളവുകളുണ്ട്. |
| (ബി) | ഇളവുകൾ നൽകിയിട്ടില്ലെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ:വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ